www.malankaralibrary.com

# ഏകകം

100 ശതാബ്ദി



## സീറോ മലബാർ ഹൈരാർക്കി

സ്ഥാപിതമായതിന്റെയും
എറണാകുളം വികാരിയാത്ത്
ആസ്ഥാന അതിരൂപതയായി
ഉയർത്തപ്പെട്ടതിന്റെയും

## ശതാബ്ദി

1923 - 2023

**21 ഡിസംബർ 2022**

**ബുധൻ, 4.00 pm**

സ്ഥലം – കാർഡിനൽ പാറേക്കാട്ടിൽ നഗർ
(ഭാരതമാതാ കോളേജ് ഓഡിറ്റോറിയം) തൃക്കാക്കര



www.malankaralibrary.com

# പ്രഥമ വികാരിയാത്തുകളുടെ സ്ഥാപനം



ക്രിസ്തുവർഷം ഏ.ഡി 52 ൽ ക്രിസ്തുനാഥന്റെ അപ്പസ്തോലൻ മാർ തോമാശ്ലീഹ ആരംഭിച്ച ക്രൈസ്തവ സഭ നാലാം നൂറ്റാണ്ടുവരെ തനിമയാർന്ന വ്യക്തിസഭയായിരുന്നു. നാലാം നൂറ്റാണ്ടുമുതൽ 16-ാം നൂറ്റാണ്ടുവരെ നാം പേർഷ്യൻ കൽദായ മെത്രാന്മാരുടെ അധീനതയിലായിരുന്നു. 1597-ൽ കൽദായ മെത്രാപ്പോലീത്തയായിരുന്ന മാർ അബ്രാഹത്തിന്റെ നിര്യാണത്തോടെ മെത്രാന്മാരില്ലാതായ സുറിയാനി നസ്രാണികളെ 1599-ലെ ഉദയംപേരൂർ സൂനഹദോസിനുശേഷം 1600-ൽ പോർട്ടുഗീസുകാർ ലത്തീൻ ക്രമത്തിലുള്ള പദ്രോവാദൊ ഭരണത്തിൻ കീഴിലാക്കി. 1838-ൽ പദ്രോവാദൊ നിറുത്തൽ ചെയ്യപ്പെട്ടപ്പോൾ സുറിയാനി കത്തോലിക്കർ ഒന്നാകെ പ്രൊപ്പഗാന്തയ്ക്കു കീഴിൽ വരാപ്പുഴ വികാരിയാത്തിൽ ഉൾപ്പെട്ടു. 1887-ൽ സുറിയാനി കത്തോലിക്കരെ ലത്തീൻ ഭരണക്രമങ്ങളിൽ നിന്നെല്ലാം വേർപെടുത്തി അവർക്കുവേണ്ടി കോട്ടയം, തൃശ്ശിവപ്പേരൂർ വികാരിയാത്തുകൾ സ്ഥാപിച്ചു. പോപ്പ് ലെയോ പതിമൂന്നാമന്റെ "Quod jam Pridem" എന്ന പേപ്പൽ ബൂളവഴി 20-05-1887-ൽ സ്ഥാപിതമായ കോട്ടയം, തൃശ്ശിവപ്പേരൂർ വികാരിയാത്തുകളിലെ വികാരി അപ്പസ്തോലിക്കമാർ ലത്തീൻ റീത്തിൽപ്പെട്ട വിദേശീയ മെത്രാന്മാരായിരുന്നു.

## നടുമിസ്സം അഥവാ എറണാകുളം വികാരിയാത്തിന്റെ സ്ഥാപനം

**1887** മുതൽ കോട്ടയത്തിനും തൃശ്ശൂരിനും ഇടയിൽ മൂന്നാമതൊരു മിസ്സം (നടുമിസ്സം) സ്ഥാപിച്ചു കിട്ടുന്നതിനുള്ള പരിശ്രമങ്ങൾ മേല്പറഞ്ഞ വികാരിയാത്തുകളിൽപ്പെട്ട ഏതാനും വൈദികരുടെ നേതൃത്വത്തിൽ ആരംഭിച്ചു. നടുമിസ്സത്തോടൊപ്പം സ്വദേശീയരായ - നാട്ടുകാരും സുറിയാനിക്കാരുമായ - മെത്രാന്മാർക്കുവേണ്ടിയുള്ള മുറവിളിയും ഇക്കാലത്തു ശക്തിപ്പെട്ടു. സമയത്തിന്റെ പൂർണ്ണതയിൽ കേരളത്തിൽ സുറിയാനികത്തോലിക്കരുടെ നിലവിലുള്ള കോട്ടയം, തൃശ്ശിവപ്പേരൂർ വികാരിയാത്തുകളെ പുനഃക്രമീകരിച്ച് എറണാകുളം വികാരിയാത്തു കൂടി (നടുമിസ്സം) സ്ഥാപിച്ചും മൂന്നു വികാരിയാത്തുകളിലും സ്വദേശീയ മെത്രാന്മാരെ നിയമിച്ചും ലെയൊ പതിമൂന്നാമൻ പാപ്പ 1896-ൽ "Quae Rei Sacrae" എന്ന പേപ്പൽ ബൂള പുറപ്പെടുവിച്ചു. അതോടെ നൂറ്റാണ്ടുകളായി സുറിയാനി കത്തോലിക്കർ നടത്തിയ പരിശ്രമങ്ങൾ ഫലമണിയുകയും അവരുടെ ചിരകാല സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടുകയും ചെയ്തു. ഇപ്രകാരം സ്ഥാപിതമായ ചങ്ങനാശ്ശേരി, എറണാകുളം,



തൃശ്ശൂർ വികാരിയാത്തുകളിൽ യഥാക്രമം മാർ മാത്യു മാക്കീൽ, മാർ ളൂയിസ് പഴേപറമ്പിൽ, മാർ ജോൺ മേനാച്ചേരി എന്നിവർ വികാരി അപ്പസ്തോലിക്കമാരായി നിയമിക്കപ്പെട്ടു.

## എല്ലാവരെയും സ്വീകരിക്കുന്ന അതിരൂപതയുടെ തിരുഹൃദയം

സീറോ മലബാർ റീത്തിൽ സ്ഥാപിതമായ ബഹുഭൂരിപക്ഷം സന്യാസസമൂഹങ്ങളുടെയും ശാഖാഭവനങ്ങൾ ഈ അതിരൂപതയിലുണ്ട്. പുരുഷന്മാരുടെ 30 സന്യാസ സഭകളുടേതായി (സീറോ മലബാർ റീത്തു പിൻതുടരുന്നവർ) 108 ശാഖാഭവനങ്ങളും സ്ത്രീകളുടെ 82 സന്യാസിനീസമൂഹങ്ങളുടേതായി 405 ശാഖാമഠങ്ങളും അതിരൂപതയിലുണ്ട്. സീറോ മലബാർ സഭയിലെ CMI, VC, CST, MCBS എന്നീ നാലു പ്രധാന സന്യാസ സഭകളുടെയും CMC, FCC, SABS, CSN, SD, ASMI, CPS, SSS തുടങ്ങിയ സന്യാസിനീസഭകളുടെയും മുഖ്യ ആസ്ഥാനം (ജനറലേറ്റ്) എറണാകുളം-അങ്കമാലി അതിരൂപതയിലാണ്. കൂടാതെ CMF, CSsR, RCJ, OFM. Conv. തുടങ്ങിയ സന്യാസ സഭകളുടെ സീറോ മലബാർ പ്രൊവിൻസുകളുടെ പ്രൊവിൻഷ്യൽ ഹൗസുകളും പല ഇന്റർ നാഷണൽ വിമെൻ കോൺഗ്രിഗേഷൻസിന്റെയും സീറോ മലബാർ (കേരള) പ്രൊവിൻസുകളുടെ പ്രൊവിൻഷ്യലേറ്റുകളും എറണാകുളം അതിരൂപതയിലാണു സ്ഥാപിച്ചിരിക്കുന്നത്.

## സഭൈക്യത്തിന്റെ പിള്ളത്തൊട്ടിൽ

വരാപ്പുഴ, കൊച്ചി, ആലപ്പുഴ, വിജയപുരം, കോട്ടപ്പുറം എന്നീ ലത്തീൻ രൂപതകളുമായും മൂവാറ്റുപുഴ മലങ്കര രൂപതയുമായും ഇടകലർന്നു കിടക്കുന്നതിനാൽ ഈ ആറു രൂപതകളിലെയും പള്ളികളും സ്ഥാപനങ്ങളും എറണാകുളം-അങ്കമാലി അതിരൂപതയിലെ പള്ളികളോടും സ്ഥാപനങ്ങളോടും ചേർന്നു നിലകൊള്ളുന്നു എന്ന വലിയ സവിശേഷതയും ഉണ്ട്. ആകയാൽ വിവിധ റീത്തുകാരും വിവിധ സഭാവിഭാഗങ്ങളും വളരെ സൗഹൃദത്തിലും പരസ്പര സഹകരണത്തിലും കൂട്ടായ്മയിലും ജീവിക്കുന്നു എന്നത് എറണാകുളം-അങ്കമാലി അതിരൂപതയുടെ മറ്റൊരു സവിശേഷതയാണ്. പറവൂർ, കനാട്, കരിങ്ങാച്ചിറ, തൃപ്പൂണിത്തുറ (നടമേൽ), അങ്കമാലി, ചെറായി, തുടങ്ങിയ ചരിത്രപ്രസിദ്ധമായ യാക്കോബായ-ഓർത്തഡോക്സ് ദേവാലയങ്ങളും ഈ അതിരൂപതാതിർത്തിക്കുള്ളിലാണ് സ്ഥിതിചെയ്യുന്നത്. കേരള സഭാചരിത്രത്തിൽ ശ്രദ്ധേയങ്ങളായ സംഭവങ്ങൾക്കു സാക്ഷ്യം വഹിച്ചിട്ടുള്ള ബഹുഭൂരിപക്ഷം ദേവാലയങ്ങളും തോമാശ്ലീഹാ സ്ഥാപിച്ച പറവൂർ-കോട്ടക്കാവ്, കോക്കമംഗലം (പള്ളിപ്പുറം) പള്ളികളും ഭാരതത്തിലെ ഏക അന്തർദേശീയ തീർത്ഥാടനകേന്ദ്രമായ മലയാറ്റൂരും ഈ അതിരൂപതയിൽ തന്നെ സ്ഥിതിചെയ്യുന്നു. ഭൂപ്രദേശത്തിന്റെ വലിപ്പംകൊണ്ടു എറണാകുളം-അങ്കമാലി അതിരൂപത മറ്റുപല രൂപതകളേക്കാളും ചെറുതെങ്കിലും ദൈവജനം, വൈദികർ, സന്യസ്തർ, സ്ഥാപനങ്ങൾ എന്നിവയുടെ സംഖ്യകൊണ്ടും വ്യവസായവത്ക്കരണം, നഗരവത്ക്കരണം എന്നിവകൊണ്ടുമെല്ലാം കേരളത്തിലെ രൂപതകളിൽ പ്രഥമ സ്ഥാനത്തും ഭാരതത്തിൽ രണ്ടാം സ്ഥാനത്തും നിലകൊള്ളുന്ന അതിരൂപതയാണ് എറണാകുളം-അങ്കമാലി.

www.malankaralibrary.com

# എറണാകുളം ഹൈരാർക്കിയുടെ ആസ്ഥാനമാകാനുള്ള കാരണം



കേരളത്തിൽ നാലു വികാരിയാത്തുകൾ സ്ഥാപിതമായെങ്കിലും ഒരു സ്വതന്ത്ര പൗരസ്ത്യ സഭയോ ഹൈരാർക്കിയോ ആയി സുറിയാനി കത്തോലിക്കർ മാറിയിരുന്നില്ല. ഒരു സഭാസമൂഹത്തിനും ഹൈരാർക്കിയുടെ അഭാവത്തിൽ സ്വതന്ത്ര സഭാസമൂഹമായി വളരുന്നതിനും വികസിക്കുന്നതിനും എളുപ്പമല്ല. ആകയാൽ ഒരു ഹൈരാർക്കി സ്ഥാപിക്കപ്പെടേണ്ടതും വികാരിയാത്തുകൾ രൂപതകളായി ഉയർത്തപ്പെടേണ്ടതും അത്യാവശ്യമാണ്. ഇക്കാലത്ത് 1892 മുതൽ 1916 വരെ അപ്പസ്തോലിക് ഡലഗേറ്റായിരുന്ന ആർച്ചുബിഷപ്പ് സലെസ്ക്കി പേട്രിയാർക്ക് ആയി ഉയർത്തപ്പെടുകയും (Titular Patriarch of Latin Patriarchate of Antioch) റോമിൽ താമസം തുടങ്ങുകയും ചെയ്തു. അദ്ദേഹത്തിന്റെ പിൻഗാമികളായി ആർച്ചുബിഷപ്പ് ബിയോണ്ടിയും (Pietro Fumasoni Biondi, 1916-1919) ആർച്ചുബിഷപ്പ് പിസാനിയും (Pietro Pisani, 1919-1921) അപ്പസ്തോലിക് ഡലഗേറ്റുമാരായി. സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ പശ്ചാത്തലത്തിൽ പരിശുദ്ധ സിംഹാസനം മേല്പറഞ്ഞ മൂന്നു അപ്പസ്തോലിക് ഡലഗേറ്റുമാരുടെയും റിപ്പോർട്ടും അഭിപ്രായവും ആരാഞ്ഞു. മൂന്നുപേരും സീറോ മലബാർ ഹൈരാർക്കി സ്ഥാപിക്കുന്നതിനെ പൂർണ്ണമായും അനുകൂലിച്ചു. എന്നാൽ ഹൈരാർക്കിയുടെ ആസ്ഥാനം (അതിരൂപത) ഏതായിരിക്കണം എന്നതിനെക്കുറിച്ച് അവർ വ്യത്യസ്ത അഭിപ്രായക്കാരായിരുന്നു.

ആർച്ചുബിഷപ് സലെസ്ക്കി എറണാകുളമായിരിക്കണം ഹൈരാർക്കിയുടെ ആസ്ഥാനം (അതിരൂപത) എന്ന തന്റെ അഭിപ്രായം 27-06-1922-ൽ പൗരസ്ത്യ തിരുസംഘത്തെ കത്തുവഴി അറിയിച്ചു. നീണ്ട ഇരുപത്തിനാലു വർഷങ്ങൾ അപ്പസ്തോലിക് ഡലഗേറ്റായി സേവനം ചെയ്ത സലെസ്ക്കിക്ക് എല്ലാ വികാരിയാത്തുകളും അവയുടെ ഭൂപ്രകൃതിയുമെല്ലാം മനഃപാഠമായിരുന്നു. 1923-ൽ അദ്ദേഹം എറണാകുളം ആസ്ഥാനമാക്കി സീറോ മലബാർ ഹൈരാർക്കി സ്ഥാപിക്കണമെന്ന് ഓർമ്മപ്പെടുത്തി പൗരസ്ത്യ തിരുസംഘത്തിന് എഴുതി. ഇന്ത്യയിലെ ഏറ്റവും വലിയ നഗരങ്ങളിലൊന്നായി കൊച്ചി മാറുമെന്നും അന്ന് അദ്ദേഹം പ്രവചിച്ചിരുന്നു. ത്വരിതഗതിയിലുള്ള നഗരവത്ക്കരണം എറണാകുളത്തു നടക്കുന്നുണ്ടായിരുന്നു. മാത്രമല്ല, നഗരവത്ക്കരണത്തിന്റെ ഭാഗമായി കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ജനങ്ങൾ എറണാകുളത്തേക്കും സമീപപ്രദേശങ്ങളിലേക്കും കുടിയേറിപ്പാർക്കാനും തുടങ്ങിയിരുന്നു.

ആർച്ചുബിഷപ് സലെസ്ക്കിയുടെ അഭിപ്രായങ്ങൾക്കു പ്രാധാന്യം നല്കിക്കൊണ്ട്, എറണാകുളത്തിന്റെ ഭൂപ്രകൃതിയും രാഷ്ട്രീയ സാമ്പത്തിക പ്രധാന്യവുമെല്ലാം പൗരസ്ത്യ തിരുസംഘം വിലയിരുത്തിയശേഷം, എറണാകുളത്തെ ആസ്ഥാന അതിരൂപതയാക്കിയും എറണാകുളം വികാരി അപ്പസ്തോലിക്കയായ മാർ അഗസ്റ്റിൻ കണ്ടത്തിലിനെ മെത്രാപ്പോലീത്തയായും ഹൈരാർക്കിയുടെ തലവനുമാക്കിയും സീറോ മലബാർ ഹൈരാർക്കി സ്ഥാപിക്കാൻ തീരുമാനിച്ചു. ഓരോ വികാരിയാത്തിന്റെയും പ്രത്യേകതകളും സമർപ്പിക്കപ്പെട്ട ഹർജികളും റിപ്പോർട്ടുകളും വസ്തുനിഷ്ഠമായ പഠനത്തിനും വിവിധ തലങ്ങളിലുള്ള ചർച്ചകൾക്കും വിധേയമാക്കിയശേഷമായിരുന്നു വത്തിക്കാൻ സീറോ മലബാർ ഹൈരാർക്കി സ്ഥാപിക്കാൻ തീരുമാനിച്ചതെന്നു സ്പഷ്ടമാണ്. 1923 ഡിസംബർ 3-നു കൂടിയ പൗരസ്ത്യ തിരുസംഘത്തിന്റെ പ്ലീനറി മീറ്റിംഗിൽവച്ചാണ് എറണാകുളം കേന്ദ്രമാക്കി സീറോ മലബാർ ഹൈരാർക്കി സ്ഥാപിക്കാൻ തീരുമാനിച്ചത്. പ്രസ്തുത തീരുമാനത്തിന്റെ വെളിച്ചത്തിൽ പീയൂസ് പതിനൊന്നാമൻ പാപ്പ 1923 ഡിസംബർ 21-ലെ Romani Pontifices (റൊമാനി പൊന്തിഫിച്ചെസ്) എന്നു തുടങ്ങുന്ന അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷൻ വഴി എറണാകുളത്തിനെ അതിരൂപതയായും ചങ്ങനാശ്ശേരി, തൃശ്ശൂർ, കോട്ടയം വികാരിയാത്തുകളെ സാമന്ത രൂപതകളുമായും ഉയർത്തി സീറോ മലബാർ ഹൈരാർക്കി സ്ഥാപിച്ചു.

പ്രിയരേ,

പരിശുദ്ധ പിതാവ് ലെയോ പതിമൂന്നാമൻ മാർപാപ്പയാൽ 1896 ജൂലൈ 28-ാം തീയതി സ്ഥാപിതമായ എറണാകുളം വികാരിയാത്ത് 1923 ഡിസംബർ 21-ാം തീയതി പതിനൊന്നാം പീയൂസ് മാർപാപ്പയാൽ അതിരൂപതയായി ഉയർത്തപ്പെടുകയും ഈ അതിരൂപത ആസ്ഥാനമാക്കി സീറോമലബാർ സഭാ ഹൈരാർക്കി സ്ഥാപിതമാകുകയും ചെയ്തു. സീറോ മലബാർ സഭയുടെ വളർച്ചയ്ക്കും പുരോഗതിക്കും നേതൃത്വം നല്കി പ്രശോഭിക്കുന്ന നമ്മുടെ അമ്മയായ എറണാകുളം-അങ്കമാലി മേജർ അതിരൂപതയുടെയും സീറോമലബാർ സഭയുടെയും ചരിത്രത്തിലെ സുപ്രധാന സംഭവമായ ഈ ഹൈരാർക്കി സ്ഥാപനത്തിന്റെ ശതാബ്ദി വർഷത്തിലേക്കു നാം പ്രവേശിക്കുകയാണ്. സീറോ മലബാർ സഭയുടെ ആസ്ഥാനമായ നമ്മുടെ അതിരൂപതയുടെ ശതാബ്ദി വർഷം 2022 ഡിസംബർ 21-ാം തീയതി ബുധനാഴ്ച സമുചിതമായി ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. അന്നേദിനം അതിരൂപതാമക്കളായ നാം ഒരുമിച്ചുകൂടി വിശുദ്ധ കുർബാനയർപ്പിച്ചു ദൈവത്തിനു നന്ദിപറഞ്ഞ് നമ്മുടെ അതിരൂപതയുടെ കൂട്ടായ്മയും ചൈതന്യവും ഏറ്റുപറയാം.


## പ്രോഗ്രാം

| | | |
|---|---|---|
| 04.00 pm | : | ചായ |
| 04.30 pm | : | **പറവൂർ-കോട്ടക്കാവ് പള്ളിയിൽ നിന്നുള്ള ശതാബ്ദി ദീപശിഖാ പ്രയാണത്തിനു സ്വീകരണം.** |
| 04.40 pm | : | **തൃക്കാക്കര ലിറ്റിൽഫ്ളവർ പള്ളിയിൽനിന്നും കാർമ്മികരുടെ പ്രദക്ഷിണം ആരംഭിക്കുന്നു.** |
| 05.00 pm | : | **വി. കുർബാന, വചനസന്ദേശം** |
| 06.45 pm | : | ശതാബ്ദി ഉദ്ഘാടനകർമ്മം |
| 07.15 pm | : | സ്നേഹവിരുന്ന് |

www.malankaralibrary.com

# ഹൈരാർക്കിയുടെ സ്ഥാപനം

ഹൈരാർക്കി സ്ഥാപിച്ചുകൊണ്ടുള്ള കമ്പിസന്ദേശം 20-12-1923-ൽ ഡലഗേറ്റ് അപ്പസ്തോലിക്കയുടെ ഓഫീസിൽനിന്നും മാർ അഗസ്റ്റിൻ കണ്ടത്തിലിനു ലഭിച്ചു. 1923 ഡിസംബർ 24-നു പൗരസ്ത്യ തിരുസംഘാധ്യക്ഷൻ കാർഡിനൽ ഗാസ്പാരി മാർ കണ്ടത്തിലിനെ മെത്രാപ്പോലീത്തയായും എറണാകുളത്തെ അതിരൂപതയായും ഉയർത്തിയ വിവരം അറിയിച്ചു. "റൊമാനി പൊന്തിഫിച്ചെസ്" എന്ന അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷനിൽ എറണാകുളം അതിരൂപതയെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു: "നാം ശ്ലീഹായ്ക്കടുത്ത അധികാരത്തിന്റെ പൂർണ്ണമായ പ്രയോഗത്താൽ മലങ്കര സുറിയാനിക്കാരുടെ നാലു ശ്ലീഹായ്ക്കടുത്ത വികാരിയാത്തുകളെ അത്രയും സ്ഥിരസിംഹാസനങ്ങളായി സ്ഥാപിക്കുകയും അവയിൽ ഒന്നിനെ, അതായത് എറണാകുളത്തിനെ, മെത്രാപ്പോലീത്തൻ രൂപതയുടെ പദവിയിലേക്കും മഹിമയിലേക്കും ഉയർത്തി ശ്രേയസ്കരിക്കുകയും ചെയ്യുന്നു."




1923-ൽ എറണാകുളം അതിരൂപതയായി ഉയർത്തപ്പെടുമ്പോൾ 99 ഇടവകകളും 7 കുരിശുപള്ളികളും 41 കപ്പേളകളും 150 വൈദികരും 25,160 വീടുകളും 1,31,130 ജനങ്ങളുമാണ് ഉണ്ടായിരുന്നത്. ഹൈരാർക്കി സ്ഥാപനത്തിനുശേഷം ഒരു നൂറ്റാണ്ട് പിന്നിടുമ്പോൾ എറണാകുളം-അങ്കമാലി അതിരൂപത അഞ്ചുലക്ഷം വിശ്വാസികളും 1,15,100 കുടുംബങ്ങളും 220 ഇടവകപ്പള്ളികളും 112 കുരിശുപള്ളികളും 450-ഓളം കപ്പേളകളും 460 വൈദികരും ഉള്ള അതിരൂപതയായി വളർന്നിരിക്കുന്നു. അതിരൂപതയുടെയും ഇടവകപ്പള്ളികളുടെയും അതിരൂപതയിൽ പ്രവർത്തിക്കുന്ന സന്യാസസഭകളുടെയും മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന പ്രസിദ്ധമായ സ്ഥാപനങ്ങൾകൊണ്ടു (സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, അനാഥാലയങ്ങൾ, ട്രെയിനിംഗ് സെന്ററുകൾ, പ്രസ്സുകൾ, പ്രസിദ്ധീകരണങ്ങൾ etc.) സമ്പന്നമായ രൂപതയാണ് ഇന്ന് എറണാകുളം-അങ്കമാലി അതിരൂപത.

## എറണാകുളം-അങ്കമാലി മേജർ ആർക്കി എപ്പിസ്കോപ്പൽ സഭ

1923 മുതൽ 1956 വരെ ഒരു അതിരൂപതയും സാമന്ത രൂപതകളുമാണുണ്ടായിരുന്നതെങ്കിൽ 1956-ൽ ചങ്ങനാശ്ശേരിയെ കൂടി അതിരൂപതയാക്കിയപ്പോൾ സീറോ മലബാർ ഹൈരാർക്കിയിൽ തുല്യാധികാരമുള്ള രണ്ടു പ്രൊവിൻസുകൾ (അതിരൂപതകൾ) ഉണ്ടായി. ഈ "ക്രമപ്രശ്നം" 1992-ൽ സീറോ മലബാർ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായും എറണാകുളം അതിരൂപതയെ മേജർ ആർച്ചു ബിഷപ്പിന്റെ അതിരൂപതയും ആസ്ഥാനവുമാക്കി ഉയർത്തുകയും ചെയ്തതോടെ പരിഹരിക്കപ്പെട്ടു. അതോടൊപ്പം അതിരൂപതയുടെ നാമധേയം എറണാകുളം-അങ്കമാലി എന്നാക്കി മാറ്റി. സീറോ മലബാർ സഭയെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തിയപ്പോൾ സീറോ മലബാർ സഭയുടെ പേരിലും മാറ്റം വരുത്തുകയും അതിരൂപതയുടെ പേരുകൂടി പുതിയ പേരിനോടൊപ്പം നല്കപ്പെടുകയും ചെയ്തു. അങ്ങനെ സീറോ മലബാർ സഭയ്ക്ക് **"മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ചർച്ച് ഓഫ് എറണാകുളം-അങ്കമാലി"** എന്ന നാമധേയംകൂടി ലഭിച്ചു.

# ശതാബ്ദി വർഷത്തിൽ അതിരൂപതയുടെ സഹനസാക്ഷ്യം

എറണാകുളം ആസ്ഥാന അതിരൂപതയാക്കി ഹൈരാർക്കി സ്ഥാപിച്ചതിന്റെ ശതാബ്ദി ആകമാന സീറോ മലബാർ സഭയാണ് ആഘോഷിക്കേണ്ടത്. 1923-ൽ നിന്നും 2022 -ൽ വന്നപ്പോൾ എറണാകുളം-അങ്കാലി അതിരൂപത ഒരു പ്രത്യേക ദശാസന്ധിയിൽ എത്തി നിൽക്കുകയാണ്. അതിന്റെ കാരണം എറണാകുളത്തെ ആസ്ഥാനമാക്കി സീറോ മലബാർ സഭാ ഹൈരാർക്കി സ്ഥാപിതമായതിന്റെ ചരിത്ര പശ്ചാത്തലത്തിൽ ഒളിഞ്ഞു കിടക്കുന്നുണ്ട്. ചങ്ങനാശ്ശേരി, തൃശ്ശൂർ, എറണാകുളം വികാരിയാത്തുകൾ അവരവരുടെ വികാരിയാത്തുകളെ സീറോ മലബാർ സഭാ ഹൈരാർക്കിയുടെ ഭരണസിരാകേന്ദ്രമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തി. പക്ഷേ, മലബാർ സഭയുടെ ചരിത്ര പശ്ചാത്തലത്തിൽ നിന്നുകൊണ്ട്, എറണാകുളം പട്ടണം നഗരവത്ക്കരണത്തിന്റെ പാതയിലാണെന്നും കേരളത്തിന്റെ പല ഭാഗത്തുനിന്നും ധാരാളം കുടിയേറ്റക്കാർ ഇവിടെ വന്നെത്തുമെന്നും കരമാർഗവും ജലമാർഗവും ആകാശമാർഗവും ഏറ്റവും എളുപ്പത്തിൽ മറ്റു രാജ്യങ്ങളിൽ നിന്നും എത്തിച്ചേരാൻ എളുപ്പമുള്ള സ്ഥലം എറണാകുളമാണെന്നും മനസ്സിലാക്കിയ വത്തിക്കാൻ എറണാകുളം വികാരിയാത്തിനെ അതിരൂപതയായി ഉയർത്തിയാണ് ഹൈരാർക്കി സ്ഥാപിച്ചത്. അത് ഏറ്റവും ശരിയായ തീരുമാനമായിരുന്നുവെന്ന് കാലം തെളിയിക്കുകയും ചെയ്തു. പക്ഷേ, അതൊടൊപ്പം പ്രാദേശിക വാദത്തിന്റെ വിഷവിത്തുകളും സീറോമലബാർ സഭയിൽ വിതയ്ക്കപ്പെടുകയും ചെയ്തു. പിന്നീടങ്ങോട്ടുള്ള രൂപതാതിരൂപതകളുടെ നിർണ്ണയത്തിലും മെത്രാന്മാരുടെ നിയമനത്തിലും ഒരു ബലാബലം പരീക്ഷിക്കപ്പെട്ടു. അതിന്റെ തിക്തഫലമാണ് രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം എറണാകുളം അതിരൂപതാധ്യക്ഷനും കേരളത്തിലെ പ്രഥമ കർദിനാളുമായിരുന്ന കർദിനാൾ ജോസഫ് പാറേക്കാട്ടിൽ തുടങ്ങിവച്ച ലിറ്റർജി നവീകരണത്തിനെ മധ്യതിരുവതാംകൂറിലെ രൂപതകൾ കൽദായ പാരമ്പര്യത്തിന്റെ വടമിട്ടു വരിഞ്ഞുമുറുക്കിയത്. അന്നു മുതൽ കൽദായഗ്രൂപ്പിൽപ്പെട്ട വൈദികരുടെ റോമിലെ നിരന്തര സാന്നിധ്യം കൊണ്ടും ചില മെത്രാന്മാരുടെ റോമിലെ സ്വാധീനം ഉപയോഗിച്ചും ലോകമെങ്ങും ലിറ്റർജിക്കൽ നവീകരണത്തെ



സ്വാധീനിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യത്തെ നിരാകരിച്ചുകൊണ്ട് കാലഹരണപ്പെട്ട കിഴക്കിനെ നോക്കിയുള്ള കുർബാന അർപ്പണരീതിക്കുവേണ്ടി നിരന്തരം ഉപജാപ പ്രവൃത്തികൾ തുടർന്നു പോന്നു. പുതിയ മെത്രാന്മാരെ വാഴിക്കുമ്പോൾ കൽദായ ലിറ്റർജി പാരമ്പര്യത്തെ മുറുകെ പിടിക്കുന്നവരെ മാത്രം തിരഞ്ഞെടുത്തു. അങ്ങനെ സിനഡിൽ കൃത്രിമ ഭൂരിപക്ഷവും സൃഷ്ടിച്ചെടുത്തു. സുറിയാനി ഭാഷയോടുള്ള ആഭിമുഖ്യവും ലത്തീൻ സഭാപാരമ്പര്യത്തിൽ സീറോ മലബാർ സഭാ വിശ്വാസികൾക്കു പകർന്നു കിട്ടിയ കൊന്ത, കുരിശിന്റെ വഴി, നാല്പതുമണി ആരാധന, വിശുദ്ധരോടുള്ള നൊവേനകൾ എന്നിവയൊക്കെ ഇല്ലാതാക്കുന്ന രീതികളിലായിരുന്നു കൽദായ വാദികളുടെ ശ്രദ്ധ. ഇത്തരം നിഗൂഢപ്രവർത്തനങ്ങളുടെ ക്ലൈമാക്സിലാണ് ലിറ്റർജി സംബന്ധമായി സിനഡ് തന്നെ തീരുമാനിച്ച നടപടിക്രമങ്ങൾ പാലിക്കാതെയും, വ്യക്തിസഭകളുടെ ലിറ്റർജി വിഷയത്തിൽ ഒരിക്കലും കൈകടത്താത്ത മാർപാപ്പയുടെ പേര് ദുരുപയോഗിച്ചും 2021 -ലെ സിനഡ് 50-50 എന്ന ദൈവശാസ്ത്രപരമായി യാതൊരു അടിസ്ഥാനമില്ലാത്ത കുർബാന അർപ്പണരീതി നമ്മുടെ മേൽ അടിച്ചേല്പിച്ചത്. അതിനോടുള്ള അതിരൂപതയിലെ ദൈവജനത്തിന്റെ ചെറുത്തു നില്പിനാണ് ഹൈരാർക്കി സ്ഥാപനത്തിന്റെ 100-ാം വർഷത്തിലേക്കു കടക്കുമ്പോൾ ലോകം സാക്ഷ്യം വഹിക്കുന്നത്. സീറോ മലബാർ സഭയിലെ മറ്റു 34 രൂപതകളിൽ നിന്നും നമ്മെ മാറ്റിനിർത്തുന്നത് രണ്ടാം വത്തിക്കാൻ കൗൺസിലിനോടുള്ള നമ്മുടെ തുറവിയും കഴിഞ്ഞ അറുപതു വർഷങ്ങളായി നാം അർപ്പിച്ചുവരുന്ന പൂർണ്ണ ജനാഭിമുഖ കുർബാനയുമാണ്. പഴയ നിയമത്തിൽ ദൈവജനത്തെ നയിക്കാനായി ജെസ്സെയുടെ കുറ്റിയെ ദൈവം കാത്തുസൂക്ഷിച്ചതുപോലെ നമ്മെയും ദൈവം കൈവെടിയുകയില്ല. സത്യവും നീതിയുമില്ലാത്ത അനുസരണമായിരുന്നില്ല ക്രിസ്തുവിന്റെ കുരിശ്. അത് സത്യത്തിനു സാക്ഷിയായി ഉയിർത്തെഴുന്നേല്ക്കാൻ സകലർക്കും വേണ്ടി മുറിക്കപ്പെട്ട ദൈവപുത്രനും മനുഷ്യപുത്രനുമായ ക്രിസ്തുവെന്ന കുർബാനയാണ്. ഹൈരാർക്കിയുടെ ശതാബ്ദിയിലും നമ്മുടെ ലക്ഷ്യം ക്രിസ്തു അർപ്പിച്ച ജനാഭിമുഖ ബലിയുടെ ചിരപ്രതിഷ്ഠയാണ്.

Printed and Published by Fr. Jose Edassery Convener of Celebration of Centenary of the Establishment of the Syro-Malabar Hierarchy in Ernakulam, +91 9605001822 (Private Circulation Only)